പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4397** 17/05/2017-ൽ മറുപടിക്ക്

## വൃക്കരോഗികൾക്കായി കൂടുതൽ സൗകര്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.കെ. ആൻസലൻ**<br>**ശ്രീ.വി. അബ്ദുറഹിമാൻ**<br>**ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | ജീവിത ശൈലി രോഗങ്ങൾ മൂലം സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | ബി) | സംസ്ഥാനത്ത് മൊത്തം 79 താലൂക്ക് ആശുപത്രികളിൽ 18 എണ്ണത്തിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. KIIFB പാക്കേജിൽ ഉൾപ്പെടുത്തി 58 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | മെഡിക്കൽ കോളേജുകൾ അടക്കമുള്ള സർക്കാർ ആശുപത്രികളിൽ വൃക്കരോഗികൾക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | സി) | തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്കരോഗത്തിനുള്ള ആധുനിക ചികിത്സകൾ ലഭ്യമാണ്. ടി ആശുപത്രികളിൽ സുസജ്ജമായ ഡയാലിസിസ് യൂണിറ്റുകൾ നിലവിലുണ്ട്. മഞ്ചേരിയിൽ ഡയാലിസിസിന് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തപ്പെടുന്നു. ഇവ കൂടാതെ സംസ്ഥാനത്തെ 39 ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലും ഡയാലിസിസ് സൗകര്യം ലഭ്യമാണ്. KIIFB പദ്ധതി പ്രകാരം 44 സ്ഥാപനങ്ങളിൽ കൂടി ഡയാലിസിസ് സൗകര്യം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തുന്ന സ്ഥാപനങ്ങളിൽ Nephrologist-ന്റെ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ